### കേരളവികസനം : ഒരു മാമൂൽ വിരുദ്ധ വീക്ഷണം

# കേരളം : ഭ്രാന്താലയമോ വഴികാട്ടിയോ?

ഡോ. എം.പി. പരമേശ്വരൻ

**ഡി.സി.ബുക്സ് 2007 ഫെബ്രുവരിയിൽ പ്രസിദ്ധീകരിക്കുന്ന 'കേരളം : ഭ്രാന്താലയമോ വഴികാട്ടിയോ?' എന്ന പുസ്തകത്തിന്റെ സംഗ്രഹം.**

## വികസന വീക്ഷണം

വികസനത്തെപ്പറ്റിയുള്ള ചർച്ചയിൽ ആരുടെ വികസനം? എന്താണ് വികസനം എന്നീ ചോദ്യങ്ങൾ ചോദിക്കുകതന്നെ വേണം. ദരിദ്രപകുതിയുടെ ഉയർന്ന ജീവിതഗുണത, കുറഞ്ഞ അസമത്വം - ഇതായിരിക്കണം വികസന ലക്ഷ്യം. ഇത് നേടാൻ സമൂഹത്തിലെ ദരിദ്രപകുതിയെ ലക്ഷ്യം വെച്ചു കൊണ്ടായിരിക്കണം വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ. കേരളം, സാധാരണ ധാരണകളിൽനിന്ന് വ്യത്യസ്തമായി, ഇന്ത്യയിൽ ഏറ്റവും കൂടുതൽ അസമത്വമുള്ള ഒരു സംസ്ഥാനമാണ്. അതിന്റെ വരുമാന ഗിനിഗുണാങ്കം 0.50 വരും. ആസൂത്രിത വികസന പ്രവർത്തനങ്ങളുടെ ലക്ഷ്യം അസമത്വം കുറയ്ക്കുക എന്നതായിരിക്കണം.

ചരക്കുകൾക്കും സേവനങ്ങൾക്കും ഉപയോഗമൂല്യം, വിനിമയമൂല്യം എന്നിവക്കു പുറമേ ക്ഷേമമൂല്യം (welfare value) എന്ന ഒന്നുകൂടി ഉള്ളതായി സങ്കല്പിക്കാം. വികസിത മുതലാളിത്തത്തിലെ ഉല്പന്നങ്ങളിൽ ഏറിയ പങ്കിനും കുറഞ്ഞതോ ഋണമോ ആയ ക്ഷേമമൂല്യമാണുള്ളത്.

ഇന്നത്തെ മുതലാളിത്ത സമൂഹത്തിന് ഇതേപോലെ ശാശ്വതമായി നിലനിൽക്കാനാകില്ല. എന്നാൽ അതിനെ തുടർന്നു വരുന്നത് സോഷ്യലിസം തന്നെ ആയിക്കൊള്ളണമെന്നില്ല. കാടത്തവുമാകാം. ഇന്ന് സമൂഹം കാടത്തത്തിലേക്കും അതിനപ്പുറം വംശനാശത്തിലേക്കുമാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇതൊഴിവാക്കണമെങ്കിൽ നിലവിലുള്ള മുതലാളിത്തവ്യവസ്ഥക്കുള്ളിൽതന്നെ പ്രാദേശിക മായി സോഷ്യലിസ്റ്റ്പൂർവ സമൂഹങ്ങൾ വളർത്താനായി ശ്രമിക്കണം. ഈ പരീക്ഷണത്തിന് ഏറ്റവും അനുയോജ്യമായ ഒരു പ്രദേശമാണ് കേരളം.

കാട് നാടായിത്തീരുന്നു. നാടു നഗരമാകുന്നു. നഗരം നരകമായിമാറുന്നു - മനുഷ്യർ തുടർച്ചയായി അന്യവത്കരിക്കപ്പെട്ടു വരുന്നു. ഇതാണ് ഇതേവരെയുള്ള ചരിത്രഗതിയുടെ പാത. ഇത് സർവനാശത്തിലേക്കാണ് നയിക്കുക. മാർക്സും ഗാന്ധിയും മറ്റൊരു പാത വിഭാവനം ചെയ്തു: വിവേകത്തിന്റെ പാത, വിമോചനത്തിന്റെ പാത, വർധമാനമായ തോതിൽ തദ്ദേശീയ സ്വയംപര്യാപ്തത കൈവരിച്ചുകൊണ്ടിരിക്കുന്ന ഗ്രാഗരീകരണത്തിന്റെ (rurbanization) പാത. അതിനഗരവത്കരണത്തിനും (metropolitanization) അതിഭീമവത്കരണത്തിനും വിരുദ്ധമായ ഒന്നാണിത്. പൂർണപങ്കാളിത്തത്തോടു കൂടിയ തദ്ദേശവത്കരണത്തിന്റെയും വികേന്ദ്രീകരണത്തിന്റെയും പാതയാണിത്. ബ്രസീലിലെ പോർത്തോ അലെഗ്രയിലെ പങ്കാളിത്ത ബജറ്റിങ്ങിനെപ്പോലെ കേരളത്തിലെ ജനകീയാസൂത്രണവും ഈ ദിശയിൽ നടക്കുന്ന അതിപ്രധാനമായ ഒരു പരീക്ഷണമാണ്: അതിനെ ശക്തിപ്പെടുത്തണം. 'തദ്ദേശം' എന്നത് ആപേക്ഷികമാണ്. ചെറുതിനെ കൂടുതൽ കൂടുതൽ ശക്തമാക്കുക എന്നതാണ് ഉള്ളടക്കം. അരിയുടെ കാര്യത്തിൽ കേരളം സ്വയം പര്യാപ്തമാകില്ല. എന്നാൽ ഇന്ത്യ എന്തിന്റെ കാര്യത്തിലും 99 ശതമാനം സ്വയം പര്യാപ്തമാണ്.

'എല്ലാവരും എല്ലാവർക്കുംവേണ്ടി' എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലുള്ള, അതിവ്യാപകമായ, സ്കാൻഡിനേവിയൻ രാജ്യങ്ങളെപ്പോലും വെല്ലുന്ന സാമൂഹികസുരക്ഷാ സംവിധാനം വളർത്തിയെടുക്കാൻ ഭൗതികവിഭവങ്ങളേക്കാളേറെ പ്രധാനം സാമൂഹിക വിഭവങ്ങളും സഹകരണാത്മക മനോഭാവവും ആണ്. ഇവ കൂടാതെ മാനവരാശിക്ക് ഭാവിയില്ല. സാമ്പത്തിക പുരോഗതിയും ജീവിതഗുണതയും തമ്മിൽ ഉണ്ടെന്നു കരുതിയിരുന്ന രേഖീയബന്ധം ഇല്ലെന്നു തെളിയിച്ചതാണ് 'കേരള മാതൃക'യുടെ സവിശേഷത. ഇന്നത്തെ വിലനിലവാരത്തിൽ വരുമാനം 5000-6000 PPP ഡോളർ കഴിഞ്ഞാൽ പിന്നെ ജീവിതഗുണതയിൽ കാര്യമായ വർധനവൊന്നും വരില്ല.

കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുടെ പാതയിൽനിന്ന് വേർപെടാൻ തുടങ്ങിയിട്ട് ഒന്നര നൂറ്റാണ്ടായി എന്നു പറയാം. 19-ാം നൂറ്റാണ്ടിൽ ആരം

ഭിച്ച സാമൂഹ്യ നവീകരണ പ്രസ്ഥാനങ്ങൾ ഏറിയ പങ്കും ആധുനികീകരണത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. പണ്ടു മുതൽക്കേ ഉണ്ടായിരുന്ന പാശ്ചാത്യ വ്യാപാരബന്ധവും പിൽക്കാലത്തു വളർന്നുവന്ന ക്രൈസ്തവബന്ധവും ആയിരിക്കാം യൂറോപ്യൻ ആധുനികത അഭിലഷണീയമായ ഒരു ലക്ഷ്യമായി മാറുന്നതിന് കാരണം. എന്നാൽ ആ രാജ്യങ്ങളുടെ വികസനപാത നമുക്ക് ലഭ്യമല്ല, അഭിലഷണീയവുമല്ല. അത് ലോകത്തെ സർവനാശത്തിലേക്കാണ് നയിക്കുക

ഉയർന്നു വരുന്ന ജീവിതഗുണത, കുറഞ്ഞുവരുന്ന അസമത്വം, സ്ഥായിത്വം - ഇവയൊക്കെ ആണ് അഭിലഷണീയ ലക്ഷ്യങ്ങൾ. അസമത്വം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ബോധപൂർവം തെരഞ്ഞെടുത്ത മേഖലകളിൽ - കൃഷി, പരമ്പരാഗതവ്യവസായങ്ങൾ, സാമൂഹികസേവനങ്ങൾ എന്നിവയിൽ - ഉല്പാദനം ഗണ്യമായി വർധിപ്പിക്കുക; സാമൂഹിക സുരക്ഷ തുടർച്ചയായി മെച്ചപ്പെടുത്തുക - ഇങ്ങനെ ഒരു ദ്വിമുഖതന്ത്രമാണ് കേരളവികസനത്തിന് സ്വീകരിക്കേണ്ടത്. മെച്ചപ്പെട്ട ആരോഗ്യസേവനം, വിദ്യാഭ്യാസം എന്നിവ ഏതാണ്ട് സൗജന്യമാവുകയും പൊതുവിതരണം, പൊതുയാത്രാസൗകര്യം എന്നിവ വികസിക്കുകയും ചെയ്താൽ ഇന്നത്തെ വിലനിലവാരത്തിൽ ഒരു ശരാശരി കുടുംബത്തിന്റെ ചെലവിന് 4000-5000 രൂപ മതിയാകും. കേരളത്തിൽ ദരിദ്രർ ഉള്ളത് ഉല്പാദനം കുറവായതുകൊണ്ടല്ല, വിതരണം വികലമായതുകൊണ്ടാണ്. ശരാശരി ഗാർഹികവരുമാനം ഒരു ലക്ഷം രൂപയിൽ അധികം വരും. ഇതിന്റെ പകുതി മതി ഏതൊരു കുടുംബത്തിനും സുഖമായി ജീവിക്കാൻ. വികസനനേട്ടത്തിന്റെ ഏറിയ പങ്കും, 90 ശതമാനത്തിനുമേൽ, സമൂഹത്തിന്റെ താഴെ പകുതിയിൽ കിടക്കുന്നവർക്ക് ലഭ്യമാകുന്നവിധത്തിലായിരിക്കണം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ.

## വിഭവങ്ങൾ

വിഭവങ്ങളെ സൗകര്യത്തിനായി ഭൂതല വിഭവങ്ങൾ, ഭൂഗർഭവിഭവങ്ങൾ, മനുഷ്യനിർമിതവിഭവങ്ങൾ, സാമൂഹികവിഭവങ്ങൾ എന്നിങ്ങനെ വർഗീകരിക്കാം. ഇവയെ തമ്മിൽ കൂട്ടിയിണക്കാനും പ്രവർത്തനക്ഷമമാക്കാനും ഉപകരിക്കുന്ന ഒരു സംവിധാനമാണ് പണം. റിസർവ്ബാങ്ക് അച്ചടിച്ചിറക്കുന്ന കടലാസ് മാത്രമല്ല പണം. സമൂഹത്തിലെ അംഗങ്ങൾ തമ്മിൽ ഉണ്ടാക്കുന്ന പരസ്പരധാരണകളും അവ കുറിക്കാനായി ഉണ്ടാക്കുന്ന രേഖകളും ഒക്കെ പണത്തിന്റെ ധർമം നിർവഹിക്കുന്നതാണ്.

ഭൂതലവിഭവങ്ങളായ മണ്ണ്, ഭൂതലപ്രകൃതി, വെള്ളം എന്നിവ സൂര്യപ്രകാശവുമായി കൂടിച്ചേരുമ്പോൾ ജൈവദ്രവ്യം (biomass) ഉല്പാദിപ്പിക്കപ്പെടുന്നു. അടിസ്ഥാനപരമായി വികസനത്തിന്റെ മാനദണ്ഡം ജൈവദ്രവ്യത്തിന്റെ ഉല്പാദനത്തിലുണ്ടാകുന്ന വർധനവാണ്.

കേരളം വെള്ളത്തിന്റെ കാര്യത്തിൽ സമൃദ്ധമാണെന്ന ധാരണയുണ്ട്. അത് ശരിയല്ല. ആകെയുള്ള 41 നദീതടങ്ങളിൽ മിക്കവയിലും വേണ്ടത്ര വെള്ളമില്ല. ഏറ്റവും കടുത്ത ജലദൗർലഭ്യമുള്ളതാണ് നിളാനദീതടം. പമ്പ-അച്ചൻകോവിൽ തടങ്ങളിൽപോലും കൊല്ലം 10 മാസക്കാലത്തേക്ക് ആവശ്യത്തിൽ കുറവ് വെള്ളമേ ഉള്ളൂ. ഭൂഗർഭ വിഭവങ്ങളുടെ - ധനിജങ്ങളുടെ - കാര്യത്തിൽ കേരളം ദരിദ്രമാണ്. ഭൂതല വിഭവമായ ലോഹമണൽ മാത്രമേ ഉള്ളൂ. നിർമിത വിഭവങ്ങളിൽ - റോഡ്, റെയിൽപാത, വിമാനത്താവളം, അണക്കെട്ടുകൾ - ഇത്യാദിയിൽ - കേരളം നന്നെ ദരിദ്രമല്ല. മാനുഷിക വിഭവത്തിന്റെ കാര്യത്തിൽ കേരളം സമ്പന്നമാണ്. അറിവാണ് എന്തിനെയും വിഭവമാക്കി മാറ്റുന്നത്.

കേരളത്തിലെ ഭൂതല പ്രകൃതി സവിശേഷമാണ്. അതനുസരിച്ചുള്ള ഭൂവിനിയോഗമാണ് ഇവിടെ വളർന്നു വന്നിട്ടുള്ളത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടിൽ തരിശിടുന്ന നിലങ്ങളുടെ വിസ്തീർണം കൂടിയിട്ടുണ്ട്. നീർക്കെട്ടും നികത്തലും ആണ് പ്രധാന കാരണങ്ങൾ.

## ഒരു ചൂതാട്ടം

കൃഷി ഇപ്പോഴും ഒരു ചൂതുകളിയാണ് - മഴ, ജലസേചനം, രോഗങ്ങൾ, ഉല്പന്നവില - ഒന്നുംതന്നെ കൃഷിക്കാരന്റെ നിയന്ത്രണത്തിലല്ല. ഇതിൽ മഴയൊഴികെ മറ്റെല്ലാം സാമൂഹിക നിയന്ത്രണത്തിന് വിധേയമാക്കാവുന്നതാണ്. കേരളത്തിലെ കൃഷിഭൂമിക്ക് ഇന്നത്തേതിന്റെ ഇരട്ടി അധ്വാനം സ്വീകരിക്കാൻ കഴിയും. കൂലി അധ്വാനമായി ഇത് ചെലുത്താൻ കഴിയില്ല. അന്യവത്കരിക്കപ്പെടാത്ത അധ്വാനത്തിന്റെ രൂപത്തിലേ അത് പ്രായോഗികമാകൂ. പുതിയതരം ഉല്പാദനബന്ധങ്ങൾ - സഹകരണം, തൊഴിലാളികളുടെ കമ്പനി - വളർത്തിയെടുക്കേണ്ടിവരും. കേരളത്തിലും പുറത്തും അനുഭവങ്ങളുണ്ട്. കേരളത്തിൽ അതിനെ വ്യാപകമാക്കാം.

ഈ രീതിയിൽ 10-12 ലക്ഷം പേർക്ക് 200-220 ദിവസത്തെ തൊഴിൽ നൽകാൻ കഴിയും. പ്രതിവർഷം 20000-24000 രൂപ *ശമ്പളം* നൽകാൻ കഴിയും. ഇ.എ സ്.ഐ., പ്രോവിഡന്റ് ഫണ്ട്, പ്രസവാവധി, മറ്റു അവധികൾ, എല്ലാം നൽകാൻ കഴിയും. *കേരസൗഭാഗ്യ, ക്ഷീരസൗഭാഗ്യ ഹരിത സൗഭാഗ്യ* മുതലായി, മുൻ-പിൻ ബന്ധങ്ങളോടുകൂടിയ നിരവധി പദ്ധതികൾക്ക് പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ അടിസ്ഥാനത്തിൽ രൂപം നൽകാവുന്നതാണ്.

4-5 ലക്ഷം ഹെക്ടാറിലധികം വരുന്ന ജീർണിതവനങ്ങളുടെ കാർഷിക വനവത്കരണം ചുരുങ്ങിയത് 3 ലക്ഷം പേർക്കെങ്കിലും ഉപജീവനമാർഗം നൽകുന്നതായിരിക്കും.

1987-88 കാലത്ത് വിഭാവനം ചെയ്ത പഞ്ചായത്ത്തല വികസനസേനക്ക് പുതിയരൂപത്തിൽ -കാർഷികസേവന സഹകരണസംഘമായോ, കമ്പനി ആയോ

- ജന്മം നൽകാം. 'കൂലി'യെ 'ശമ്പളം' ആക്കി മാറ്റാം.

ഖരമാലിന്യസംസ്കരണത്തിലൂടെ ലഭിക്കാവുന്ന 4-5 ലക്ഷം ടൺ കമ്പോസ്റ്റും പച്ചിലവളങ്ങളും ഒക്കെ ചേർത്ത് കേരളത്തിലെ കൃഷിയെ 80 ശതമാനത്തോളം ജൈവവത്കരിക്കാവുന്നതാണ്. ഇതുണ്ടാക്കിയേക്കാവുന്ന നേട്ടം ചെറുതായിരിക്കില്ല.

ഉള്ള ഭൂമികളിൽ സാധ്യമായ പരമാവധി അധ്വാനം ചെലുത്താൻ സഹായകമാകുന്നതിന് ആവശ്യമായ നിയമനിർമാണം നടത്തേണ്ടതുണ്ട്.

## വഴുതിപ്പോകുന്ന ജീവിതങ്ങൾ

കേരളത്തിലെ വികസനത്തിൽ പങ്കാളിയാകാൻ കഴിയാത്ത മൂന്നു ജനവിഭാഗങ്ങളിൽ ഒന്നാണ് മീൻപിടുത്തക്കാർ. ദളിതരും ആദിവാസികളുമാണ് മറ്റുള്ളവർ. ജീവിതം അവരുടെ കൈകകളിൽനിന്ന് വഴുതിപ്പോയിക്കൊണ്ടിരിക്കയാണ്. കേരളത്തിലെ തീരസമുദ്ര മത്സ്യോല്പാദന രംഗത്ത് ഇനി കാര്യമായ വളർച്ച പ്രതീക്ഷിക്കാൻ കഴിയില്ല. ഈ മേഖലയിലെ ഇടത്തട്ടുകാരുടെ എണ്ണവും ഇടത്തട്ടിന്റെ അളവും കുറക്കുകയെന്നതാണ് ആദ്യം ചെയ്യേണ്ടത്.

ഈ രംഗത്ത് വളരെ അധികമായി നിക്ഷേപിക്കപ്പെട്ടിട്ടുള്ള മൂലധനത്തിൽ - അതിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തി - കുറവു വരുത്തണം. കടലിൽ പോകാൻ ഉപയോഗിക്കുന്ന എല്ലാ ഉപകരണങ്ങളും, വലയും ബോട്ടും മറ്റും ഒക്കെ യഥാർഥ മീൻപിടുത്തക്കാരുടെ മാത്രമാക്കുക. ബോട്ടു മുതലാളി എന്ന കാറ്റഗറി ഇല്ലാതാക്കുക.

സംഭരണ-സംസ്കരണ-വിപണനശ്രംഖല ഇനിയും ശാസ്ത്രീയവത്കരിക്കേണ്ടതുണ്ട്, മെച്ചപ്പെടുത്തേണ്ടതുണ്ട്. മത്സ്യസഹകരണസംഘങ്ങളുടെ കൂട്ടുടമാവകാശത്തിൽ, ബഹുരാഷ്ട്രന്മാരോട് മത്സരിക്കാൻ കഴിവുള്ള ആഴക്കടൽ മത്സ്യബന്ധനകപ്പലുകളെപ്പറ്റി പിന്നീട് ആലോചിക്കാവുന്നതാണ്.

ശുദ്ധജല മത്സ്യക്കൃഷിയുടെ കാര്യത്തിൽ മറ്റു പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് കേരളം വളരെ പിറകിലാണ്. ഉല്പാദനക്ഷമത സാധ്യമായതിന്റെ പത്തിലൊന്നുപോലും വരുന്നില്ല. രണ്ടു പ്രധാന തടസ്സങ്ങളാണുള്ളത്: ഗുണമേന്മയുള്ള വിത്തു മത്സ്യത്തിന്റെ ലഭ്യതക്കുറവും സാർവത്രികമായി നടക്കുന്ന മോഷണവും. ആദ്യത്തേതിന് സാമ്പത്തികവും സാങ്കേതികവുമായ രീതികളിലൂടെ പരിഹാരം കാണാം. രണ്ടാമത്തേതിന് സാമൂഹികപരിഹാരമേ ഉള്ളൂ.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനുള്ളിൽ വളർത്തു മൃഗങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. പാൽ, മുട്ട ഇറച്ചി മുതലായവയുടെ ഉല്പാദനത്തിലും കുറവു വന്നിട്ടുണ്ട്. മുട്ടയുടെയും ഇറച്ചിക്കോഴികളുടെയും കാര്യത്തിൻ ഇത് ഏറെ പ്രകടമാണ്. 4-5 പശുക്കളുള്ള ഫാമിലി ഡയറി യൂണിറ്റുകളുണ്ടാക്കാനായി നടത്തിയ ചില പരീക്ഷണങ്ങൾ എല്ലാ ഘടകങ്ങളുമെടുത്ത് സമഗ്രമാക്കാതിരുന്നതുകൊണ്ടു പരാജയപ്പെടുകയാണുണ്ടായത്. പുല്ലുകൃഷി, പശുവളർത്തൽ, വെറ്ററിനറി സർവീസ്, പ്രാദേശികവിപണനം, സംസ്കരണം മുതലായവയിലൂടെ കേരളത്തിലെ പല പഞ്ചായത്തുകളിലും ക്ഷീരസ്വയംപര്യാപ്തതയും കുട്ടികൾക്ക് ഉയർന്ന പോഷണവും ലഭ്യമാക്കാവുന്നതാണ്. ഓരോ യുപി. സ്ക്കൂളിലും ഓരോ ഹൈസ്ക്കൂളിലും ജീവശാസ്ത്രപഠനോപാധി എന്ന നിലയിൽ ഏതാനും പശുക്കളെയും പന്നികളെയും കോഴികളെയും വളർത്തുകയും പുല്ല് കൃഷി ചെയ്യുകയുമാണെങ്കിൽ ഉണ്ടാകാവുന്ന നേട്ടങ്ങൾ ചെറുതല്ല.

മാലിന്യത്തെ സമ്പത്താക്കി മാറ്റുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ മാർഗമാണ് പന്നി വളർത്തൽ. രാജ്യത്തുണ്ടാകുന്ന എല്ലാ ഭക്ഷണ/വെജിറ്റബിൾ/അറവുശാലാ വേസ്റ്റുകളും സംസ്കരിച്ച് പന്നിയുടെ ഭക്ഷണമാക്കി മാറ്റാവുന്നതാണ്.

## വ്യവസായവത്കരിക്കുക അല്ലെങ്കിൽ മരിക്കുക

ഇതായിരുന്നു കേരളത്തിന്റെ വികസനത്തെക്കുറിച്ച് മൂന്നു പതിറ്റാണ്ടു മുമ്പെ ഉയർത്തിയിരുന്ന മുദ്രാവാക്യം. എന്നാൽ എല്ലാ വ്യവസായങ്ങളും അനുഗ്രഹമല്ലെന്ന് അനുഭവം നമ്മെ പഠിപ്പിച്ചു - ചാലിയാറും പെരിയാറും നമ്മെ പഠിപ്പിച്ചു. വൈദ്യുതി പ്രധാനങ്ങളും ജലപ്രദൂഷകങ്ങളുമായ വ്യവസായങ്ങൾ നമുക്ക് സ്വീകാര്യമല്ല. ഉള്ളവയുടെ മേൽ കർശനനിയന്ത്രണങ്ങൾ വേണം. അവ വികസിപ്പിക്കുന്നതിനുമുമ്പ് ഏറെ ആലോചിക്കണം.

കേരളത്തിലെ വ്യവസായ മേഖലയ്ക്ക് ബഹുമുഖമായ ഒരു വികസനതന്ത്രം ആവശ്യമുണ്ട്. കുറവു മൂലധനം, കൂടുതൽ തൊഴിൽ, കുറവ് ജലമലിനീകരണം, ഇവിടത്തെ അസംസ്കൃതപദാർഥങ്ങളെ കൂടുതലായി ആശ്രയിക്കൽ, കൂടുതൽ ആഭ്യന്തരവിതരണം - ഇവയ്ക്കെല്ലാം ഉപരിയായി ബോധപൂർവം സൃഷ്ടിക്കുന്ന പരസ്പരപൂരകത്വം - ഇതാണ് സാമാന്യ പരിഗണനകൾ. നിലവിലുള്ള പൊതുമേഖലാവ്യവസായങ്ങളെയും സ്വകാര്യ മേഖലാവ്യവസായങ്ങളെയും, ആരോഗ്യവ്യവസായ, വിദ്യാഭ്യാസ, വൈദ്യുതി, ജലസേചനാദി മുഴുവൻ വകുപ്പുകളിലെയും വാങ്ങൽ നയം പരിഷ്കരിച്ച്, ആരോഗ്യവത്തുക്കളാക്കി മാറ്റുക.

പരമ്പരാഗത വ്യവസായങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ 'നിർദാക്ഷണ്യ'മായി നടപ്പാക്കുക. തൊഴിലാളികൾക്ക് ജീവിക്കാൻ വേണ്ട വരുമാനം - പ്രതിമാസം 2000 രൂപയെങ്കിലും - ഉണ്ടാക്കുക എന്നതായിരിക്കണം ലക്ഷ്യം.

സെക്കണ്ടറി/വൊക്കേഷണൽ തലങ്ങളിൽ പരമ്പരാഗത വ്യവസായങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രവും സാങ്കേതികവിദ്യകളും പഠന വിഷയങ്ങളാക്കുക.

*(തുടരും)*

*അരുണിമ, കോട്ടപ്പുറം, തൃശൂർ-4*